"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി - കൊല്ലം ജില്ലയിലെ തേവലക്കര സർക്കാർ സിദ്ധ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച രഘുനാഥൻപിള്ള ജെ. യുടെ മകൻ ശ്രീ.അനീഷ് ആർ. ന് വനം വന്യജീവി സംരക്ഷണ വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/AYUSH തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. സ.ഉ.(പി) നം. 12/99/ഉഭപവ. തീയതി 24.05.1999.
2. സ.ഉ.(പി)നം.33/2014/ഉഭപവ..തീയതി 26.09.2014.
3. ശ്രീ.അനീഷ് ആർ. സമർപ്പിച്ച 31.03.2023 ലെ അപേക്ഷ.
4. കൊല്ലം ജില്ലാകളക്ടറുടെ 17.01.2024 ലെ DCKLM/7363/2023-S4 നം.കത്ത്.
5. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 14.03.2024 ലെ DISM/413/2024-E4 നം.കത്ത്.
6. ശ്രീ.അനീഷ് ആർ. സമർപ്പിച്ച 06.01.2025 ലെ അപേക്ഷ.
7. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 06.02.2025 ലെ DISM/413/2024-E4 നം.കത്ത്.
8. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ നിന്നുള്ള 02.03.2026 ലെ എസ്.ഡി.3/18/2025-ജി.എ.ഡി നം. സർക്കാർ കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ കൊല്ലം ജില്ലയിലെ തേവലക്കര സർക്കാർ സിദ്ധ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരവെ 06.01.2023 -ൽ അന്തരിച്ച രഘുനാഥൻപിള്ള ജെ. യുടെ മകൻ ശ്രീ. അനീഷ് ആർ. സർക്കാർ ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ഭാരതീയ ചികിത്സാ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ 12.09.2007 തീയതിയിൽ സേവനമാരംഭിച്ച രഘുനാഥൻപിള്ള ജെ. ക്ക് 15 വർഷം 3 മാസം 25 ദിവസം സേവന കാലമുണ്ടെന്നും കൊല്ലം ജില്ലയിലെ തേവലക്കര സർക്കാർ സിദ്ധ ഡിസ്പെൻസറിയിൽ സേവനമനുഷ്ഠിക്കവെ 06.01.2023-ൽ അന്തരിച്ചിട്ടുള്ള ടിയാന്റെ ജനന തീയതി 01.03.1959 ആണെന്നും ആശ്രിത നിയമന അപേക്ഷകനായ ശ്രീ. അനീഷ് ആർ വൊക്കേഷണൽ ഹയർ

സെക്കൻഡറി വിദ്യാഭ്യാസ യോഗ്യതയുള്ള വ്യക്തിയാണെന്നും ടിയാളുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

3. അപേക്ഷകൻ പരേതനായ സർക്കാർ ജീവനക്കാരന്റെ അവിവാഹിതനും, തൊഴിൽരഹിതനുമായ അവകാശിയാണെന്നും അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിലേയ്ക്ക് അനുകൂലമായി പരേതന്റെ മറ്റവകാശികൾ മൊഴി നൽകിയിട്ടുണ്ടെന്നും ആശ്രിത നിയമനം ലഭിച്ചാൽ പരേതന്റെ മറ്റ് അവകാശികളെ സംരക്ഷിക്കുമെന്ന് അപേക്ഷകനും സംരക്ഷണ സമ്മത മൊഴി നൽകിയിട്ടുണ്ടെന്നും പരേതന്റെ മരണ ശേഷം ഒരു വർഷത്തിനുള്ളിൽ ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിലെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്നും ശ്രീ അനീഷ് ആർ. ന് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിലേക്ക് പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാകളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. തുടർന്ന് പരാമർശം (1), (2) സർക്കാർ ഉത്തരവുകളിലും, ആശ്രിതനിയമനവുമായി ബന്ധപ്പെട്ട് പിന്നീടുണ്ടായിട്ടുള്ള മറ്റു ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ ശ്രീ അനീഷ് ആർ. ആശ്രിത നിയമനത്തിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലായെന്ന ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ അയച്ചിരുന്നു.

5. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് വളരെയധികം കാലതാമസം നേരിടും എന്നതിനാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് തന്നെ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ അനീഷ് ആർ. പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ വിദ്യാഭ്യാസ യോഗ്യത പ്ലസ്-ടു ആണെന്നതിനാൽ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനം നൽകണമെന്ന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (7) പ്രകാരം ശിപാർശ ചെയ്തിരുന്നു.

6. ശ്രീ. അനീഷ് ആർ. ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിനുള്ള പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ളതായും ശാരീരിക യോഗ്യതയും വൺ സ്റ്റാർ ടെസ്റ്റും എൻഡ്യൂറൻസ് ടെസ്റ്റും നടത്തിയതിൽ ടിയാൻ യോഗ്യനാണെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം വനം വന്യജീവി സംരക്ഷണ (എഫ്) വകുപ്പ് അറിയിച്ചിരുന്നു. വാലിഡ് ആപ്ലിക്കേഷൻ തീയതിയിൽ അപേക്ഷകന് 28 വയസ് പ്രായമുള്ളതും ടിയാൻ വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളതുമാണ്. തുടർന്ന് ശ്രീ. അനീഷ് ആർ. നെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നിയമനത്തിന് പരിഗണിക്കുന്നതിന് ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി ടിയാന്റെ പ്രൊഫോർമ ഡീറ്റൈൽസ് പൊതുഭരണ സർവീസസ് (ഡി) വകുപ്പിന് നൽകിയിരുന്നു.

7. ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ആശ്രിത നിയമനത്തിനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ ഒരു ഒഴിവ് ശ്രീ.അനീഷ് ആർ. ന് അനുവദിച്ചു നൽകുവാനും ടിയാളുടെ നിയമന ഉത്തരവ് പുറപ്പെടുവിക്കുവാനും പരാമർശം (8) പ്രകാരം പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ് നിർദ്ദേശിച്ചിരുന്നു.

8. മേൽ സാഹചര്യത്തിൽ പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ പരാമർശം (8)

പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ തേവലക്കര സർക്കാർ സിദ്ധ ഡിസ്പെൻസറിയിൽ പാർട്ട് ടൈം സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരവെ 06.01.2023 -ൽ അന്തരിച്ച രഘുനാഥൻപിള്ള ജെ. യുടെ മകൻ ശ്രീ.അനീഷ് ആർ., NADUTHALA VEEDU, PATTATHANAM MURI, CHAVARA VILLAGE, MUKUNDAPURAM P.O., KOLLAM എന്നവർക്ക് വനം വന്യജീവി സംരക്ഷണ വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**9.** ഏതെങ്കിലും കാരണത്താൽ അപേക്ഷകൻ ആവശ്യപ്പെട്ട ജില്ലയിൽ ആശ്രിത നിയമനം നൽകാൻ കഴിയാതെ വന്നാൽ പരാമർശം (1) സർക്കാർ ഉത്തരവ് ഖണ്ഡിക 28 ൽ പ്രതിപാദിക്കും പ്രകാരം അപേക്ഷകന്റെ ആനുകൂല്യം സംരക്ഷിച്ച് നൽകുന്നുണ്ടെന്ന് നിയമനാധികാരി ഉറപ്പുവരുത്തേണ്ടതാണ്.

**10.** അപേക്ഷകന്റെ വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാന് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്തെടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. അപേക്ഷകന്റെ സീനിയോറിറ്റി സൂചന (2) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചയിക്കേണ്ടതാണ്.

**11.** ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷകൻ അപേക്ഷ സമർപ്പിക്കുന്നവേളയിലോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്തോ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സർക്കാർ ജീവനക്കാരുടെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14.
2. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
3. ശ്രീ.അനീഷ് ആർ., NADUTHALA VEEDU, PATTATHANAM MURI, CHAVARA VILLAGE, MUKUNDAPURAM P.O., KOLLAM - 691 585 (Registered with AD).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
5. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് (02.03.2026 ലെ എസ്.ഡി.3/18/2025-ജി.എ.ഡി നം. സർക്കാർ കത്ത്.)
6. വനം വന്യജീവി സംരക്ഷണ (എഫ്) വകുപ്പ് (03.10.2025 ലെ F3/69/2025/FWLD)

7. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/81/2024-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 11-03-2026 12:16:12
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു.ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
4. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.